# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3218

20-6-2014-ൽ മറുപടിക്ക്

### പേപ്പട്ടി നിർമ്മാർജ്ജനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സാജു പോൾ: | ഡോ.എം.കെ.മുനീർ:<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) പേപ്പട്ടികളെ നിർമ്മാർജ്ജനം ചെയ്യാനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദീകരിക്കുമോ ; | (എ) തെരുവ് നായ്ക്കളുടെ അനിയന്ത്രിതമായ വർദ്ധനവും ശല്യവും മനുഷ്യ ജീവന് തന്നെ ഭീഷണിയായി മാറുന്ന ഈ സാഹചര്യത്തിൽ അവയെ നിയന്ത്രിക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയായതിനാൽ എല്ലാ ഗ്രാമപഞ്ചായത്തുകളും തെരുവ് നായ നിയന്ത്രണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ബഹു.സുപ്രീംകോടതിയുടെ എസ്.എൽ.പി 691/2009 ഉത്തരവ് പ്രകാരം തെരുവ് നായ്ക്കളെ കൊല്ലുന്നത് നിരോധി ച്ചിരിക്കുന്നതിനാൽ എല്ലാ ഗ്രാമപഞ്ചായത്തുകളും ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം/ആന്റി റാബീസ് പ്രോഗ്രാം പ്രകാരമുള്ള . തെരുവ് നായ നിയന്ത്രണ നടപടികൾ കാര്യക്ഷമമായ രീതിയിൽ അടിയന്തിരമായി നടപ്പിലാക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പേപ്പട്ടികളെയും പേയുണ്ടെന്നു സംശയിക്കുന്ന നായ്ക്കളെയും യുദ്ധകാലാടിസ്ഥാനത്തിൽ കൊല്ലാമെന്ന ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിധി നടപ്പാക്കുവാനുള്ള കാലതാമസം എന്താണ്; വിശദമാക്കുമോ? | (ബി) ബഹു.സുപ്രീംകോടതിയുടെ എസ്.എൽ.പി 691/2009 ഉത്തരവ് പ്രകാരം തെരുവ് നായ്ക്കളെ കൊല്ലുന്നത് നിരോധി ച്ചിരിക്കുന്നു. ആയതിനാൽ പേപ്പട്ടികളെയും പേയുണ്ടെന്ന് സംശയിക്കുന്ന നായ്ക്കളെയും യുദ്ധകാലാടിസ്ഥാനത്തിൽ കൊല്ലാമെന്ന ഹൈക്കോടതി വിധി നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.